II ഇ.ബി. XV- കേരള നിയമസഭ/VIII-9

**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 മാർച്ച് 01, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

41 (*241) സംസ്ഥാന മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ കേന്ദ്രീകരിച്ച് തീരദേശ ചരക്ക് കപ്പൽ ഗതാഗതവും തുറമുഖാധിഷ്ഠിത വ്യവസായങ്ങളും വികസിപ്പിക്കുന്നതിന് മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിൽ ചരക്ക് ഗതാതഗതത്തിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട തുറമുഖങ്ങളിലെ നിക്ഷേപ സാധ്യത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി PRISM (Preliminary Rally of Investors in Shipping and Maritime) ഓൺലൈൻ നിക്ഷേപ സംഗമം സംഘടിപ്പിച്ചതിലൂടെ ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് ബന്ധപ്പെട്ട വിഷയങ്ങളിൽ ഡി.പി.ആർ.-ഉം Expression of Interest-ഉം തയ്യാറാക്കുന്നതിനായി കൺസൾട്ടിംഗ് ഏജൻസികളെ ചുമതലപ്പെടുത്തുകയും തുറമുഖങ്ങളിലെ ഭൂമി അളന്ന് തിട്ടപ്പെടുത്തി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടൽ വഴിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വിനോദസഞ്ചാര സാധ്യതകൂടി കണക്കിലെടുത്ത് കപ്പൽ യാത്രാ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നും ബേപ്പൂരിൽനിന്ന് ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുഗതാഗതം സുഗമമാക്കുന്നതിന് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതുൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സാഗർമാല പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴയിലെ മറീന പോർട്ട് നിർമ്മാണത്തിനായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും

അതിനാവശ്യമായ സാങ്കേതികപഠനം നടത്തുന്നതിന് ഒരു ഏജൻസിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അഴീക്കൽ പോർട്ട് വികസനത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും നീണ്ടകരയിലും മഞ്ചേശ്വരത്തും മാരിടൈം അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മാരിടൈം ബോർഡിന് സ്വന്തമായി കപ്പൽ വാങ്ങുന്ന കാര്യം പരിശോധിക്കുമെന്നും വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയ്ഞ്ച് പുനരാരംഭിക്കുന്നതിന് ശ്രമിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 42(*242) ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് കമ്പ്യൂട്ടർ ശൃംഖലയിൽ ലഭ്യമാക്കാൻ നടപടി

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി അത്യാധുനിക ഉപകരണങ്ങളുപയോഗിച്ച് സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി സർവ്വെ നടത്തി ഭൂരേഖകളുടെ കൃത്യത ഉറപ്പാക്കുകയും പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ 'എന്റെ ഭൂമി' പോർട്ടലിൽ ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി

നടത്തുന്ന ഡിജിറ്റൽ സർവ്വെ നാലുവർഷത്തിനകം പൂർത്തിയാക്കുമെന്നും ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ടെന്നും ഡിജിറ്റൽ സർവ്വെ വിവരങ്ങൾ കേരളത്തിന്റെ പൊതുഡാറ്റാ ബേസായി ഉപയോഗപ്പെടുത്തുമെന്നും വ്യക്തമാക്കി. സർവ്വെ പൂർത്തിയാകുന്ന 15 വില്ലേജുകളിൽ പൈലറ്റ് പ്രോജക്ടായി ഈ വർഷം ഇന്റഗ്രേറ്റഡ് പോർട്ടലുകൾ ആരംഭിക്കും. ഡിജിറ്റൽ റീസർവ്വെ പൂർത്തിയാക്കിയ 116 വില്ലേജുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധന കാണുന്ന കേസുകളിൽ കരമൊടുക്കിയതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും ബന്ധപ്പെട്ട കക്ഷി സമ്മതപത്രം നൽകിയാൽ കരം തീർത്ത് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശരേഖയിലുള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ സർക്കാർ ഉടമസ്ഥതയിലല്ലാത്തതും തർക്കമില്ലാത്തതുമായ അധികഭൂമി സെറ്റിൽമെന്റ് സംവിധാനത്തിലൂടെ ക്രമീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നതായും ആയതിന് നിയമ പ്രാബല്യം

നൽകുന്നതിനായി സെറ്റിൽമെന്റ് ആക്ടിന്റെ കരട് സർക്കാർ പരിഗണനയിലുണ്ടെന്നും ഇതുസംബന്ധിച്ച ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് ഏകദിന ശില്പശാല സംഘടിപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. കായൽ/പുഴ പുറമ്പോക്കിൽ താമസിക്കുന്നവർക്കും വനം പുറമ്പോക്കിൽ താമസിക്കുന്ന ആദിവാസികൾക്കും ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച നിയമവശത്തെക്കുറിച്ചും തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം നൽകുന്ന കാര്യത്തെക്കുറിച്ചും പരിശോധിക്കുമെന്നും എറണാകുളം നഗരത്തിലും തൃക്കാക്കര നിയോജകമണ്ഡലത്തിലും വർഷങ്ങളായി വീടുവച്ച് താമസിച്ചുവരുന്ന ഭൂമി ബി.റ്റി.ആർ.-ൽ നിലം എന്ന് രേഖപ്പെടുത്തിയത് തരംമാറ്റുന്ന കാര്യം പരിഗണനയിലുണ്ടെന്നും പൊതു കളിസ്ഥലങ്ങൾക്കായി നിലം നികത്തുന്നതിന് നിയമഭേദഗതി ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

43(*243) <u>എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യം

പ്രാവർത്തികമാക്കാൻ ഒരു പട്ടയംമിഷന് രൂപം നൽകുകയാണെന്നും മലയോര-ആദിവാസി ഭൂമികളുടെ വിതരണം ദ്രുതഗതിയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തയ്യാറാക്കിയിട്ടുണ്ടെന്നും പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ പട്ടയ ഡാഷ് ബോർഡ് നിലവിലുണ്ടെന്നും സഭയെ അറിയിച്ചു. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം, വൈദ്യുതി, ജലവിഭവം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം എന്നീ വകുപ്പുകളുമായി ചർച്ച നടത്തിവരുന്നതായും രണ്ടാം നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും വ്യക്തമാക്കി. 1993-ലെ കേരള ഭൂമി പതിച്ചു നൽകൽ (01-01-1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾപ്രകാരം സംയുക്ത പരിശോധനയും സർവ്വെ നടപടികളും പൂർത്തീകരിച്ച് സ്കെച്ച് തയ്യാറാക്കി പട്ടയം അനുവദിക്കുന്നതിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും ഇത്തരത്തിൽ വനം

വകുപ്പിൽനിന്നും കൈമാറുന്ന ഭൂമി റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിച്ചു. 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കുടിയായ്മ, കുടികിടപ്പ് എന്നിവ ലഭിക്കുന്നതിനായി ലാന്റ് ട്രിബ്യൂണലുകളിൽ ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ നിരവധി മിഷൻമോഡ് പദ്ധതികൾ നടപ്പിലാക്കുകയും ലാന്റ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിവരികയും ചെയ്യുന്നു. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളും പ്രശ്നങ്ങളും ഉൾക്കൊണ്ട് സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തെ എല്ലാ ലാന്റ് ട്രിബ്യൂണലുകളിലും പട്ടയത്തിനായി അപേക്ഷിച്ചാൽ രേഖകൾ ഹാജരാക്കുന്നമുറയ്ക്കും അർഹതയുള്ള പക്ഷവും ഉടൻ തന്നെ പട്ടയം നൽകാൻ കഴിയുന്നുണ്ടെന്നും വനാവകാശ നിയമ പ്രകാരമുള്ള കൈവശരേഖയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ സബ്ഡിവിഷണൽ-ജില്ലാതല കമ്മിറ്റികൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കൈവശരേഖ വിതരണം ചെയ്യുന്നുണ്ടെന്നും തൃശ്ശൂർ ജില്ലയിലെ തെലുങ്കർ കോളനി നിവാസികൾക്ക് പട്ടയം നൽകാനുള്ള നടപടിക്ക് നേതൃത്വപരമായ

പങ്ക് വഹിക്കുമെന്നും ദേശീയപാത വികസനത്തിനും മറ്റും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പട്ടയ അപേക്ഷകൾക്ക് പ്രത്യേക മുൻഗണന നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

44 (*244) <u>ഒഡെപെക്-ന്റെ പ്രവർത്തനം</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, ഒഡെപെക്, തൊഴിൽദാതാക്കളുടെ ആവശ്യാനുസരണം ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് പങ്കെടുപ്പിക്കുകയും തെരഞ്ഞെടുക്കുന്നവരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ മുതൽ തൊഴിൽ ലഭിക്കുന്നതുവരെയുള്ള സൗകര്യങ്ങൾ നൽകുന്നുണ്ടെന്നും തൊഴിൽദാതാവിന്റെ നിയമപരമായ രേഖകളും വിസയും കൃത്യമായി പരിശോധിക്കുകയും വിസയിലും തൊഴിൽ കരാറിലും രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ തൊഴിലാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കാലാവധി കഴിഞ്ഞ രേഖകളുമായി യാത്ര ചെയ്യാതിരിക്കാനും റിക്രൂട്ട്മെന്റ് ഏജൻസികളുടെയും തൊഴിൽകരാറുകളുടെയും വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും ഒഡെപെക് ശ്രദ്ധിക്കാറുണ്ട്. ഒഡെപെക് മുഖേന 20 വിദേശ രാജ്യങ്ങളിലേയ്ക്കായി 10019 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. ECR രാജ്യങ്ങളിലേയ്ക്ക് പോകുന്നവർക്കുള്ള

ഇമിഗ്രേഷൻ ക്ലിയറൻസ് ഒഡെപെക് ഉറപ്പുവരുത്തുന്നതിനാൽ ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുകയും തൊഴിലുടമ/റിക്രൂട്ട്മെന്റ് ഏജൻസികളുടെ വിവരങ്ങൾ പരിശോധിച്ചുറപ്പിക്കാനും ഇൻഷ്വറൻസ് പരിരക്ഷ, ആരോഗ്യ, വേതന പ്രശ്നങ്ങൾ, തൃപ്തികരമായ ജീവിതസാഹചര്യങ്ങൾ എന്നിവയ്ക്ക് പിന്തുണ ഉറപ്പുവരുത്താനും സാധിക്കുന്നു. ജർമൻ ഗവൺമെന്റ് റിക്രൂട്ട്മെന്റ് ഏജൻസിയുമായി ചേർന്ന് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനായി 'വർക്ക് ഇൻ ഹെൽത്ത്'' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും നഴ്സുമാർ സ്റ്റൈപ്പന്റോടുകൂടി ഒഡെപെക്-ന്റെ വിവിധ ട്രെയിനിംഗ് സെന്ററുകളിലും ഓൺലൈനായും ജർമൻ ഭാഷാ പരിശീലനം നടത്തുന്നുണ്ടെന്നും വിദേശ പഠനവും ജോലിയും കാംക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി 'സ്റ്റഡി എബ്രോഡ്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദേശപഠന പദ്ധതി അതത് വകുപ്പുകളുമായി ചേർന്ന് നടത്തുന്നതിനുള്ള പ്രാരംഭ ചർച്ചകൾ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കി. ഒഡെപെക് വഴി വിദേശത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള സ്കോളർഷിപ്പ് നൽകിവരുന്നുണ്ടെന്നും ഒഡെപെക്-ന്റെ ഭാഷാ പരിശീലന

കേന്ദ്രങ്ങളിൽ ഇംഗ്ലീഷ്, ജർമൻ, ഡച്ച് ഭാഷകളിൽ പരിശീലനം നൽകുന്നുണ്ടെന്നും എല്ലാ ജില്ലകളിലും ഭാഷാ പരിശീലനകേന്ദ്രം ആരംഭിക്കുന്ന കാര്യം ആലോചനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

45(*245) <u>ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യയിൽ റോഡ് നിർമ്മാണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, പരിസ്ഥിതി സൗഹൃദ റോഡ് നിർമ്മാണരീതിയായ ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിൽ ചെലവ് കുറയ്ക്കാൻ സാധിക്കുമെന്നും തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ പ്രസ്തുത രീതിയിലുള്ള നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും സംസ്ഥാന വ്യാപകമായി ഇത്തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കിവരികയാണെന്നും സഭയെ അറിയിച്ചു. അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഫുൾ ഡെപ്ത് റിക്ലമേഷൻ, കോൾഡ് മിക്സ്, വാം മിക്സ് അസ്ഫാൽറ്റ് ടെക്നിക്ക്, വൈറ്റ് ടോപ്പിംഗ്, കയർ ഭൂവസ്ത്രം എന്നിവയുൾപ്പെടെയുള്ള നൂതന

നിർമ്മാണ സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ തയ്യാറാക്കിവരികയാണ്. പരമ്പരാഗതമായി അനുവർത്തിച്ചുവരുന്ന റോഡ് നിർമ്മാണ രീതികൾ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുയോജ്യമാകുംവിധം പരിസ്ഥിതി സൗഹൃദപരമായി പരിഷ്കരിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി നടപ്പാക്കിവരികയാണെന്നും സ്വാഭാവിക റബ്ബർ, കയർ ജിയോടെക്സ്റ്റൈൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനാണ് പ്രാമുഖ്യം നൽകുന്നതെന്നും ഡിസൈൻ പോളിസി നയത്തിന്റെ ഭാഗമായി ഒരു ശില്പശാല സംഘടിപ്പിച്ച് കരട് നയം തയ്യാറാക്കിയിട്ടുണ്ടെന്നും 36 പദ്ധതികൾക്കായി 3414 കോടി 16 ലക്ഷം രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ടെന്നും 2025-ഓടുകൂടി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വീതി 45 മീറ്റർ കൂട്ടാനാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.